പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

04.06.2018 ൽ മറുപടിക്ക്

നമിടാത്ത ചോദ്യം നം.318

## മങ്കട സി.എച്ച്.സി കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|
| ട സി.എച്ച്.സി കെട്ടിട മ്മാണത്തിനായി എം.എൽ.എ.യുടെ -ADS പദ്ധതിയിലൂടെ നൽകിയ ഒരു ാടി രൂപയുടെ നിർമ്മാണ പുരോഗതി ക്തമാക്കാമോ; | (എ) | പ്രവർത്തിയുടെ സാങ്കേതിക അനുമതി ലഭിക്കുന്നതിനുവേണ്ടി മലപ്പുറം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. |
| ക അനുവദിച്ച് കാലങ്ങൾ റെയായിട്ടും കെട്ടിട നിർമ്മാണം ർത്തിയാകാത്തതിന്റെ കാരണങ്ങൾ ്യക്തമാക്കാമോ; | (ബി) | സാങ്കേതികാനുമതി ലഭിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനാവശ്യമായ രേഖകൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്നതിന് കാലതാമസം സംഭവിച്ചിട്ടുണ്ട്. പിന്നീട് ഭരണാനുമതിയിൽ പ്രതിപാദിച്ചിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ട് പൊതുമരാമത്ത് വകുപ്പിന് പ്രവർത്തിപ്പിക്കുവാൻ സാധ്യമല്ലാത്തതിനാൽ, സാങ്കേതിക അനുമതി നൽകുന്നതിന് ആവശ്യമായ തുക 8443-00-108-FW Dpartment എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുള്ളതായും എന്നാൽ നിയമസഭ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്ന പദ്ധതികളുടെ ഫണ്ട് അതാത് ജില്ലാ കളക്ടറേറ്റുകൾ മുഖേനയാണ് കൈമാറ്റം ചെയ്യുന്നത് എന്നതിനാൽ മലപ്പുറം ജില്ലാ കളക്ടറേറ്റുമായി ബന്ധപ്പെട്ട് ആസ്തി വികസന ഫണ്ടിൽ ലഭിച്ച തുക ലഭ്യമാക്കി PWD യ്ക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| ...9 സാമ്പത്തിക വർഷം ...ആരോഗ്യ കേന്ദ്രങ്ങളുടെ കരട് ...യിൽ മങ്കട സി.എച്ച്.സി യെ ...പ്പെടുത്തുന്നതിന് നടപടി ...രിക്കുമോ; | (സി) | ബ്ലോക്ക്തല സി.എച്ച്.സി.കൾ ഒഴികെയുള്ള സി.എച്ച്.സി.കളെയും കഴിഞ്ഞ വർഷം എഫ്.എച്ച്.സി.ആക്കാതിരുന്ന പി.എച്ച്.സി.കളെയുമാണ്, 2018-19 ലേക്ക് എഫ്.എച്ച്.സി.കളാക്കാനുള്ള കരട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് മങ്കട സി.എച്ച്.സി.കരട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| ...ട ഗ്രാമപഞ്ചായത്തിൽ പുതുതായി ...മിയോ ആശുപത്രി ...അനുവദിക്കുന്നതിന് നടപടി ...കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | 2018-19 സാമ്പത്തിക വർഷം ഡിസ്പെൻസറികൾ ആരംഭിക്കുന്ന അവസരത്തിൽ മറ്റ് പഞ്ചായത്തുകളോടൊപ്പം മങ്കട ഗ്രാമപഞ്ചായത്തിന്റെ വിഷയവും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ